റാ മെറിറിയൽസ് ഇല്ല അല്ലെങ്കിൽ മാർക്കറ്റ് ഇല്ല എന്നു ന്യായം പറഞ്ഞ് ഓരോ വർഷവും മൂന്നുമാസത്തോളം ലേ ഓഫും പിരിച്ചുവിടൽ നോട്ടീസ് ഭീഷണിയുമായി കഴിയുകയാണ് ഈ സ്ഥാപനം. ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാരം ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച അപേക്ഷ 15-7-1985-ൽ ഗവൺമെൻറ് തള്ളിയിട്ടുണ്ട്.

(7) ശബരിമല വികസനത്തിനാവശ്യമായ വനഭൂമി നൽകുന്നതു സംബന്ധിച്ചു

ശ്രീ. എസ്. രാമചന്ദ്രൻ പിള്ള : സർ, തെക്കേ ഇൻഡ്യയിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമായ ശബരിമലയിൽ തമിഴ്നാട്, ആന്ധ്രാ പ്രദേശ്, മഹാരാഷ്ട്ര, യു. പി., ബീഹാർ, പശ്ചിമ
10 A. M. ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും അതുപോലെ തന്നെ വിദേശങ്ങളിൽ നിന്നും വളരെയധികം അയ്യപ്പഭക്തൻമാർ 'സ്വാമിയേ ശരണം' 'ധർമ്മശാസ്താവേ ശരണം' എന്നിങ്ങനെ മന്ത്രങ്ങൾ ഉരുവിട്ടുകൊണ്ട് എല്ലാ വർഷവും എത്താറുണ്ട്. വൃശ്ചികമാസം ഒന്നാം തീയതി മുതൽ നമ്മുടെ നാട്ടിൻപുറങ്ങളിൽ കേൾക്കുന്ന മന്ത്രമാണ് ഇത്. അങ്ങനെ ശരണം വിളിച്ച് എത്തുന്ന അയ്യപ്പ ഭക്തൻമാർക്ക് അവരുടെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇന്നു ശബരിമലയിൽ ഇല്ല. കരിമലയും നീലിമലയും കയറിവരുന്ന അയ്യപ്പഭക്തൻമാർക്ക് ശബരിമലയിലെത്തുമ്പോൾ ഒന്നു വിശ്രമിക്കുന്നതിനുള്ള സൗകര്യംപോലും അവിടെയില്ല. കഴിഞ്ഞവർഷം അവിടെ തിരക്കിൽപെട്ടുതന്നെ അഞ്ചിൽപരം ആളുകൾ മരണമടയുകയുണ്ടായി. അതുകൊണ്ട് ദേവസ്വംബോർഡ് 5-12-1981-ൽ ശരംകുത്തി, സന്നിധാനം, മാളികപ്പുറം എന്നിവിടങ്ങളിലായി കേരളാ ഗവൺമെൻറിൻെറ 33 ഏക്കർ ഫോറസ്റ്റ് ലാൻറ് ശബരിമലയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൊടുക്കണമെന്ന് എഴുതിയിരുന്നു. അതിനു മറുപടി കിട്ടിയില്ല. ഏതാണ്ട് 33 ലക്ഷം അയ്യപ്പഭക്തൻമാരാണ് 1985-ൽ ശബരിമലയിലെത്തി ദർശനം നടത്തി പോയത്. അവിടെയുള്ള സൗകര്യങ്ങൾ പരിമിതമാണ്. കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുന്നതിനുവേണ്ടി ദേവസ്വം ബോർഡ് ചോദിച്ചിരിക്കുന്ന വസ്തു വനം വകുപ്പിൽനിന്നും അനുവദിച്ചുകൊടുക്കുന്നതിന് ഉത്തരവുണ്ടാകണം.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : 28-9-1978-ൽ അന്നത്തെ ജലസേചനവകുപ്പിൻെറ ചുമതല വഹിച്ചിരുന്ന മന്ത്രി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ശബരിമലയുടെ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കാര്യത്തെക്കുറിച്ച് ചർച്ച ചെയ്തു. അതിൻെറ ഫലമായി 5-11-1980-ൽ 40 ഏക്കർ സ്ഥലം തിരുവിതാംകൂർ ദേവസ്വം ബോർഡിനു അനുവദിച്ചുകൊണ്ട് സംസ്ഥാനസർക്കാർ ഉത്തരവു പുറപ്പെടുവിച്ചു. എന്നാൽ പിന്നീട് വനസംരക്ഷണ നിയമം അതിനു ബാധകമായി വന്ന പ്പോൾ അതിനുവേണ്ടി കേന്ദ്രഗവൺമെൻറിൻെറ അനുവാദം വാങ്ങുന്നതിനുള്ള നടപടികൾ എടുത്തിരിക്കുകയാണ്. ആ സ്ഥലത്തെക്കുറിച്ചുള്ള വിവരങ്ങളും സ്കെച്ചും പ്രസ്തുത സ്ഥലത്തു നിന്നും മുറിച്ച് മാറേണ്ടിവരുന്ന മരങ്ങളുടെ തരംതിരിച്ചുള്ള വിവരങ്ങളും എല്ലാം 14-5-1985-ൽ കേന്ദ്രസർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്. കേന്ദ്രത്തിൽനിന്നുള്ള ഉത്തരവനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly